(സി) വരുന്ന സാമ്പത്തികവർഷം (2005-06) പണി ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണി ആരംഭിച്ചാൽ 18 മാസങ്ങൾക്കുള്ളിൽ പണി പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

മഞ്ചേരി നിയോജകമണ്ഡലത്തിലെ മാലാംകുളം-ചെറുകുളം റോഡിന് ഭരണാനുമതി

152 [2223] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ മാലാംകുളം-ചെറുകുളം റോഡിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നത്തേക്ക് പണി തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ടെണ്ടർ നടപടികൾ പൂർത്തിയായാലുടൻ പണി തുടങ്ങുന്നതാണ്.

തകഴി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

153 [2224] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തകഴി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) തകഴി പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി എന്നത്തേക്ക് തുറന്നുകൊടുക്കുവാൻ കഴിയും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തകഴി പാലത്തിന് ആകെ 8 സ്പാനുകൾ ഉള്ളതിൽ 2 എണ്ണത്തിന്റെ പണി പൂർത്തിയായി. A1, P1, P5, P6 ഗർഡർ പൂർത്തിയായി. ഒരു തൂണിന്റെ പണി ഒഴിച്ച് ബാക്കി എല്ലാ തൂണുകളും പൂർത്തീകരിച്ചു. ഇടത്വാ ഭാഗത്തേക്കുള്ള അപ്രോച്ച് റോഡിന്റെ ഫില്ലിംഗ് പണി പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 31-12-2005-ന് പണി പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കുണ്ടുമൺ പാലത്തിന്റെ നിർമ്മാണം

154 [2225] ശ്രീ. ജി പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടുമൺ പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച് ഇപ്പോൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കുണ്ടുമൺ പാലത്തിന്റെ പണി 1996-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ച് 78.56 % അധികനിരക്കിൽ കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഏറ്റെടുത്തിരുന്നത്. 20-7-1998 മുതൽ 18 മാസത്തിനകം പൂർത്തിയാകേണ്ടിയിരുന്ന പണിയുടെ 25% മാത്രമേ 5 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞുള്ളു. ആയതിനാൽ അവരുമായുള്ള കരാർ റദ്ദാക്കി ബാക്കി പണികൾക്കുള്ള ബാലൻസ് ഷെഡ്യൂൾ 2004-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ച് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ബാലൻസ് ഷെഡ്യൂളിന് കഴിവതുംവേഗം അനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തിയാക്കി കരാർ ഉറപ്പിച്ച് പണി പുനരാരംഭിച്ച് 6 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തൃശ്ശൂർ ജില്ലയിൽ കാരാഞ്ചിറ വലിയപാലം, ചെറിയപാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനം

155 [2226] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കാരാഞ്ചിറ വലിയപാലം, ചെറിയപാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാലങ്ങളുടെ നിർമ്മാണത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ആരാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly